# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7953 - 16/07/2014 -ലെ മറുപടിക്ക്

## പുതിയ വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കടക്കെണി യിലായവർക്ക് വേണ്ടി രൂപീകരിച്ച വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(ബി) പ്രസ്തുത വായ്പയുടെ പലിശനിരക്ക് സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന തുകയുടെ വിവരവും വെളിപ്പെടുത്തുമോ ? | സ്വകാര്യ പണമിടപാടുകാരിൽ നിന്ന് അമിത പലിശയ്ക്ക് കടം വാങ്ങി കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കുവാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2014 ജൂൺ 26 നു വിളിച്ചുകൂട്ടിയ കേരള സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ വാർഷിക അവലോകന യോഗം "ഋണ മുക്തി വായ്പാ പദ്ധതി " എന്നു പേരുള്ള ഒരു പ്രത്യേക വായ്പാ പദ്ധതി അംഗീകരിക്കുകയുണ്ടായി.<br>ഷെഡ്യൂൾഡ് ബാങ്കുകളുടെ സംസ്ഥാനത്തെ എല്ലാ ശാഖകളും അവരവരുടെ സേവന പരിധികളിൽ (സർവീസ് ഏരിയാ) ഈ പദ്ധതി പ്രകാരം വായ്പകൾ നൽകും. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | ➢ ബാങ്കിതര സ്ഥാപനത്തിന് തിരിച്ചടക്കേണ്ട യഥാർത്ഥ വായ്പാതുകയോ അപേക്ഷകന്റെ ആകെ വാർഷിക വരുമാനത്തിന്റെ 150 ശതമാനമോ അതിൽ ഏതാണോ കുറവും, പരമാവധി 50,000 രൂപയായും വായ്പാതുക നിജപ്പെടുത്തിയിട്ടുണ്ട്.<br>➢ ബാങ്കുകൾ ഈടാക്കുന്ന അടിസ്ഥാന പലിശ നിരക്കിലാണ് ഈ വായ്പ നൽകുന്നത്.<br>➢ പ്രസ്തുത വായ്പ യാതൊരു വിധ ജാമ്യവുമില്ലാതെയാണ് അനുവദിക്കുന്നത്.<br>➢ വായ്പ അനുവദിക്കുന്ന സമയത്ത് യാതൊരുവിധ പ്രോസസിംഗ് ഫീസും ഈടാക്കുന്നതല്ല.<br>➢ വായ്പാ തിരിച്ചടവിന്റെ കാലാവധി 5 വർഷം ആണ്.<br>➢ വായ്പയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 18 മുതൽ 60 വയസ്സുവരെയാണ്.<br>➢ അപേക്ഷകർ റവന്യൂ അധികൃതരിൽ നിന്ന് ലഭിച്ച വാർഷിക വരുമാന സർട്ടിഫിക്കറ്റും സ്വകാര്യപണമിടപാടുകാരിൽ നിന്നെടുത്ത |

| | |
|---|---|
| | വായ്പയെ സംബന്ധിച്ച അപേക്ഷകരുടെ സത്യപ്രസ്താവനയും (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്<br>➢ അപേക്ഷകൻ എടുത്ത വായ്പ ബാങ്കിതരസ്ഥാപനത്തിൽ നിന്നായിരിക്കണം.<br>➢ അപേക്ഷകൻ വായ്പയ്ക്കായി അപേക്ഷിക്കുന്ന ബാങ്കിന്റെ സേവന മേഖലയിലെ സ്ഥിരതാമസക്കാരനായിരിക്കണം. |

**സെക്ഷൻ ഓഫീസർ**